


# SINGING KITES

little KITEs

MANNAM SMARAKA NSS HIGHER SECONDARY SCHOOL
CHAKKALAKUTH
NILAMBUR

# ......സമർപ്പണം......

.



വരും

തലമുറയ്ക്ക് വേണ്ടി

സമർപ്പിക്കുന്നു.......

# ആശംസ......

സ്കൂൾ ഐ.ടി ക്ലബ്
അംഗങ്ങളുടെ മികവാർന്ന
പ്രവർത്തനങ്ങളുടേയും, പരിശീലനങ്ങളുടേയും
അനന്തരഫലമെന്നോണം രൂപം കൊണ്ട
സ്വിങ്ങിങ്ങ് കൈറ്റ്സ്
വർണ്ണാഭമായിരിക്കുന്നു.ഡിജിറ്റൽ മാഗസിന്റെ
സാക്ഷാത്കാരത്തിനായ് പ്രവർത്തിച്ച കൈറ്റ്
മെമ്പർമാരെ ഞാൻ അഭിനന്ദിക്കുന്നു. ഈ
ഹൈടെക് വിദ്യാഭ്യാസ കാലത്ത് ഇതു പോലുള്ള
നല്ല പ്രവർത്തനങ്ങൾ
മലയാള ഭാഷയുടെ ഡിജിറ്റൽ തരംഗത്തിന്
ഇനിയും ചാരുതയേകിടട്ടെ...

ശ്രീമതി.പ്രീതി.കെ
ഹെഡ്
മിസ്ട്രസ്

എം.എസ്.എൻ.എസ്.എസ്.എച്ച്.എസ്.എസ്
ചക്കാലക്കുത്ത്

# ആശംസ....

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ സ്കൂളിലെ എല്ലാകുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ ഇറങ്ങുന്നു (സ്വിങ്ങിങ്ങ് കൈറ്റ്സ്). കുട്ടികളുടെ എല്ലാ കഴിവിനെയും പ്രശംസിച്ചുകൊണ്ട് എല്ലാവിധ മംഗളങ്ങളും നേരുന്നു.

സ്നേഹപൂർവ്വം
പ്രദീപ് കുമാർ

എസ്.എം.സി.ചെയർമാൻ

# ആശംസ

സ്വിങ്ങിങ്ങ് കൈറ്റ്സ്........

സ്കൂൾ ഐ ടി ക്ലബ് അംഗങ്ങളുടെ പ്രവർത്തന മനോഹാരിതയിൽ
രൂപം കൊണ്ട ഡിജിറ്റൽ മാഗസിൻ പ്രശംസ
അർഹിക്കുന്നു.ഈ കൊച്ചു പ്രജോദനം വരും നാളുകളിൽ
കൂടുതൽ വർണ്ണാഭമായി തീരട്ടെ.....

ശ്രീ രജീഷ്.പി
പി.ടി.എ പ്രസിഡണ്ട്

# ആമുഖം

പ്രിയ സുഹൃത്തുക്കളെ
എം.എസ്.എൻ.എസ്. എസ്. എച്ച്.ചക്കാലക്കുത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2018-19 അധ്യയന വറ് ഷത്തിൽ ഡിജിറ്റൽ സിംഗിംഗ് കൈറ്റ്സ് മാഗസിൻ പുറത്തിറക്കുകയാണ്. ഈ മാഗസിൻ നിങ്ങളിൽ ഓരോരുത്തരേയും സ്വാഗതം ചെയ്യുന്നു. ചിന്തയുടെ ദീപങ്ങൾ ആശയങ്ങളിലേക്കാവാഹിച്ചപ്പോൾ, സൃഷ്ടിയുടെ പ്രകാശം തെളിഞ്ഞു.ഓരോരുത്തരും ഏന്തിയ ദീപങ്ങൾ ഒന്നിച്ചപ്പോൾ പ്രകാശത്തിന്റെ മാസ്മരികമായ് മാറി. ഈ പ്രകാശത്തിൽ നമുക്ക് എല്ലാം തെളിഞ്ഞ വെള്ളം പോലെ കാണാൻ കഴിയും. ഈ ജ്വാല നേരിട്ടറിയുന്നതിലേക്കായി എല്ലാവരേയും ഹൃദയത്തിന്റെ ഭാഷയിൽ ക്ഷണിച്ചുകൊള്ളുന്നു.




# എഡിറ്റോറിയൽ ടീം

വടക്കൻ തിരുവിതാംകൂറെന്ന പേരിലറിയപ്പെടുന്ന മലബാർ പ്രദേശങ്ങളുൾപ്പെട്ട ഇന്നത്തെ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് പ്രദേശങ്ങളിൽ വാദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുവാൻ സൗകര്യം തുലോം കുറവായിരുന്നു എന്നുമാത്രമല്ല മലപ്പുറം ജില്ല പൊതുവെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്ന ഒരു കാലഘട്ടമായിരുന്നു.നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് [illegible] എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിശാലമായ സ്ഥലത്തെ [illegible] നിലമ്പൂരിലേക്കും പരിസരപ്രദേശങ്ങളിലേക്കും മധ്യ തിരുവിതാംകൂർ ഭാഗത്ത് നിന്നും ധാരാളം കുടുംബങ്ങൾ കുടിയേറിപാർത്തു തുടങ്ങിയിരുന്നു.കർമ്മോത്സുകരായ അന്നത്തെ എൻ.എസ്.എസ് പ്രവർത്തകരുടെയും ഭരണ സംവിധാനത്തിന്റെയും പരിശ്രമഫലമായി ചക്കാലക്കുത്ത് ഭാഗത്ത് നമുക്ക് ഒരു ഹൈസ്ക്കൂളിനുള്ള അനുവാദം ലഭിച്ചു.

1982 ജൂൺ പത്താം തിയ്യതി ശ്രീ.രാമചന്ദ്രൻ അയ്യർ ഭദ്രദീപം കൊളുത്തി പ്രവർത്തനം ആരംഭിച്ച മന്നം സ്മാരക എൻ.എസ്.എസ്. ഹൈസ്ക്കൂൾ ഇന്ന് അതിന്റെ വളർച്ചയുടെ ഒരു ഘട്ടം പൂർത്തീകരിക്കുകയാണ്. തുടക്കം മുതൽ മാനേജർമാരായിരുന്ന സർവ്വശ്രീ.എ.കെ.മാധവ കുറുപ്പ്,കെ.പി.രാഘവൻ നായർ,പി.രാമചന്ദ്രൻ നായർ ,എ.ബി.മണി,ആർ.സുരേഷ് കുമാർ എന്നിവരുടെ സേവനങ്ങളെ ഈ അവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു

1985ൽ പുറത്തിറങ്ങിയ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് 100%

# അണിയറ ശിൽപ്പികൾ

## ചീഫ് എഡിറ്റർ

പ്രീതി.കെ (ഹെഡ് മിസ്ട്രസ്)

## അധ്യാപക പാനൽ

ശ്രീമതി.ബെൻസി എസ് ഐ ടി സി

ശ്രീമതി. അനില.എ.പി
ശ്രീമതി.ദിവ്യ.പി കൈറ്റ് മിസ്ട്രസ്

ശ്രീമതി.ബീന
വിദ്യാരംഗം

## ലിറ്റിൽ കൈറ്റ്സ് പാനൽ

അർച്ചന.വി
ഷഹൽ
അശ്വതി
കാർത്തിക
അശ്വിൻ
ഫാദിൽ ഫഹ്മിത
അർഷ.എ.പി
ജിഷ്ണ.പി.കെ

നിത
ആദില.ടി
ഫാത്തിമതുള്‍ ബിന്‍ഷിത
ദേവിനിവേദിത
മാളവിക
മുഹമ്മദ് യമിന്‍
മുഹമ്മദ് അട്ലാന്‍
മുഹമ്മദ് ഷാദിന്‍
ഭദ്ര,കെ



little KITEs



LITTLE KITES TEAM




# എഡിറ്റോറിയൽ ടീം

വടക്കൻ തിരുവിതാംകൂറെന്ന പേരിലറിയപ്പെടുന്ന മലബാർ പ്രദേശങ്ങളുൾപ്പെട്ട ഇന്നത്തെ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് പ്രദേശങ്ങളിൽ വാദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുവാൻ സൗകര്യം തുലോം കുറവായിരുന്നു എന്നുമാത്രമല്ല മലപ്പുറം ജില്ല പൊതുവെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്ന ഒരു കാലഘട്ടമായിരുന്നു.നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് [illegible] എന്ന പേരിൽ അറിയപ്പെട്ടിരുന്ന വിശാലമായ [illegible] നിലമ്പൂരിലേക്കും പരിസരപ്രദേശങ്ങളിലേക്കും മധ്യ തിരുവിതാംകൂർ ഭാഗത്ത് നിന്നും ധാരാളം കുടുംബങ്ങൾ കുടിയേറിപാർത്തു തുടങ്ങിയിരുന്നു.കർമ്മോത്സുകരായ അന്നത്തെ എൻ.എസ്.എസ് പ്രവർത്തകരുടെയും ഭരണ സംവിധാനത്തിന്റെയും പരിശ്രമഫലമായി ചക്കാലക്കുത്ത് ഭാഗത്ത് നമുക്ക് ഒരു ഹൈസ്ക്കൂളിനുള്ള അനുവാദം ലഭിച്ചു.

1982 ജൂൺ പത്താം തിയ്യതി ശ്രീ.രാമചന്ദ്രൻ അയ്യർ ഭദ്രദീപം കൊളുത്തി പ്രവർത്തനം ആരംഭിച്ച മന്നം സ്മാരക എൻ.എസ്.എസ്. ഹൈസ്ക്കൂൾ ഇന്ന് അതിന്റെ വളർച്ചയുടെ ഒരു ഘട്ടം പൂർത്തീകരിക്കുകയാണ്. തുടക്കം മുതൽ മാനേജർമാരായിരുന്ന സർവ്വശ്രീ.എ.കെ.മാധവ കുറുപ്പ്,കെ.പി.രാഘവൻ നായർ,പി.രാമചന്ദ്രൻ നായർ ,എ.ബി.മണി,ആർ.സുരേഷ് കുമാർ എന്നിവരുടെ സേവനങ്ങളെ ഈ അവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു

1985ൽ പുറത്തിറങ്ങിയ ആദ്യ എസ്.എസ്.എൽ.സി. ബാച്ച് 100%




സ്കൂളിലെ കമ്പ്യൂട്ടര് ലാബ് പൂര്ണ്ണമായും സോളാര് ഊര്ജ്ജത്തിലാണ് പ്രവര്ത്തിക്കുന്നത്. ഒരു പൂര്വിദ്യാര്ത്ഥിയുടെ സംഭാവനയാണ് ഈ സംരംഭം.ലാബിന്റെ ഉദ്ഘാടനം ബഹു.എം.എല്.എ.പി.വി.അന്വര് നിര്വഹിച്ചു.




മന്നം സ്മാരക എന്.എസ്.എസ്.ഹയര് സെക്കണ്ടറി സ്കൂള് സന്നാഹം പദ്ധതി നടത്തുന്ന അക്കാദമിക്ക് മാസ്റ്റര് പ്ലാന് ശ്രീ.ഗോപിനാഥ് എ ഉദ്ഘാടനം ചെയ്യു.

# ഞങ്ങള് മികവിന്റെ  പാതയിലൂടെ

- 
  SSLC പരീക്ഷയില് നിലമ്പൂർ മേഘലയില് ഏറ്റവും മികച്ച വിജയശതമാനം.
- ഉപജില്ല,ജില്ല,സംസ്ഥാനം കലാ-കായിക മേളകളില്  മികച്ച പ്രകടനം. സബ്ജില്ല ഓവറോള് കിരീടം.
- മികച്ച രീതിയില് പ്രവര്ത്തിക്കുന്ന സ്പോര്ട്സ് അക്കാദമി.
- Jrc,nss,scout&guides യൂണിറ്റുകള്.
- ആധുനിക സൌകര്യങ്ങളോട്ടുകൂടി സോളാര് കംമ്പ്യൂട്ടര് ലാബ്
- തൊഴില് നൈപുണ്യ പരിശീലന  ക്ലാസ്സുകള്.
- ഡിജിറ്റല് ലൈബ്രറി.
- ആധുനിക രീകിയില് സജ്ജീകരിച്ച സ്മാർട്ട് ക്ലാസ് റൂമുകള്.
- സ്കൂളിന്റെ സമഗ്ര വികസനം ലക്ഷ്യം വെച്ചുള്ള "സന്നാഹം" പ്രത്യേക പദ്ധതി.
- കരിയർ ഗൈഡൻസ് , ASAP സൗഹൃദ യൂണിറ്റുകള്.
- മികച്ച യാത്രാ സൗകര്യം.

# ``` ഇതളുകളിലൂടെ.........

``ഞങ്ങള് മികവിന്റെ പാതയിലൂടെ...
``ലജ്ജ...
``മാലിന്യം വിമുക്തമാക്കുക...
``കൊഴിയും പൂ ചൊല്ലി...
``ജന്മം...
``ശക്തി...
``പ്രകൃതിയെ സംരക്ഷിക്കാം...
``കണ്ണുനീർ...
``പൂമ്പാറ്റ...
``മൗനം...
``പാത്രം അറിഞ്ഞ് ധാനം ചെയ്യണം...
``യാത്രികൻ...
``ഉടമകള്...
``പകലിന്റെ കാണാപ്പുറങ്ങള്...
``പരിസ്ഥിതി മലിനീകരണം...
``ചില്ലകള്...
``മിന്നാമിനുങ്ങ്...
``പൂമ്പാറ്റ...
``തേൻതുള്ളികള്...
``മഴ...
``പിരിയുന്ന സൗഹൃദം...
``മഹത് വചനങ്ങള്...

നിത.പി

# മാലിന്യം വിമുക്തമാക്കുക

മഞ്ചാടി കുന്നിന്റെ താഴ്വരയിലെ കുളത്തിലാണ് ചിന്നന് എന്ന തവളയും തന്മയും പീലി എന്ന മത്സ്യങ്ങളും താമസിച്ചിരുന്നത്. എല്ലാദിവസവും ചിന്നന് നാട്ടുചുറ്റാന് പേകുമായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം

നാട്ടുചുറ്റാന് ഇറങ്ങിയ ചിന്നന് ആ കാഴ്ച്ചക്കണ്ട് അത്ഭുതപ്പെട്ടു. മഞ്ചാടി കുന്നിന് ചുറ്റും നിറയെ കോട്ടുഷ്യൂവും

ഇട്ടമനുഷ്യർ.

അവർ എന്തക്കയൊ സംസാരിക്കുകയാണ്.ചിന്നൻ

പെട്ടന്ന് തന്മയയുടെയും പീലിയുടെയും അടുത്ത്ചെന്ന്

വിവരം പറഞ്ഞു. തന്മയ പ്രസവിക്കാൻ ആയിട്ടുണ്ട്.

ചിന്നൻ പറഞ്ഞ കാര്യം കേട്ട് അവള് ഭയന്നു. അവളെ

സമാധാനിപ്പിക്കാൻ വേണ്ടി പീലി പറഞ്ഞു:അവർ

കുന്നു കാണാൻ വന്ന വിദേശികളാവാം... തന്മയക്ക്

ആശ്വാസമായി.

പിന്നീട്ടുള്ള ദിവസങ്ങളില് കുന്നിടിച്ചതും

പുതിയ ഫാക്ടറി അവിടെ നിർമിക്കലും പെട്ടന്നായിരുന്നു. ഫാക്ടറിയിലെ മാലിന്യം അവർ

കുളത്തിലേക്ക് ഒഴുക്കി. കുളത്തിലെ മത്സങ്ങളെല്ലാം

ചത്തൊടുങ്ങി. പീലി ശ്വാസം മുട്ടി മരിക്കാറായി.

തന്മയക്ക് സങ്കടം സഹിക്കാനായില്ല. അവസാനമായി

തന്മയയെ ഒരു നോട്ടം കണ്ട് പീലി അന്ത്യ ശ്വാസം വലിച്ചു. തന്മയ ഉറക്കെ കരഞ്ഞു.

അവള്ക്ക് ജീവിതം

മടുത്ത പോലെ തോന്നി. ചിന്നൻ ജീവരക്ഷക്കായി

വേറൊരു കുളത്തിവലേക്ക് താമസം മാറ്റിയിരുന്നു.

തന്മയക്ക് പ്രസവിക്കാൻ സമയമായിരുന്നു. അവള്

പ്രസവിക്കലും ഒരു ലോറി നിറയെ മലിനങ്ങള്

അവളുടെ ശരീരത്തിലേക്ക് നിക്ഷേപിക്കലും

ഒരുമിച്ചായിരുന്നു. പിന്നീടൊരിക്കലും ആ കുളത്തില്

ഒരു ജീവനും നിലനിന്നില്ല.





ജിഷ്മ.പി.കെ

# കൊഴിയും പൂ ചൊല്ലി

നീ വിളിച്ചുണർത്തിയ നേരം



നശ്വര വഴി താണ്ടിയ പോലെ

ഞാനുണർന്നു.

ആദ്യം, സൗഹൃദബന്ധം അറിഞ്ഞു.

എൻ മനസ്സ് തെളിഞ്ഞു.

പൂക്കളെല്ലാം വിരിഞ്ഞു.

അപ്പൂക്കള് കൊഴിയാൻ നേരം

അവസാന പൂ മെല്ലെ ചൊല്ലി

“ഒന്നു പിൻതിരിഞ്ഞു നോക്കു

കഴിഞ്ഞ കാലമത്രയും".

ഞാൻ നോക്കി കണ്ടു

നല്ലൊരു സുഹ്ൃത്തിനെ.

ആ പൂ ചൊല്ലിയത്

പ്രിയ്യപ്പെട്ടതെന്തോ കണ്ടുകിട്ടി എന്ന്

പിന്നീടെന്താണെന്ന് ഞാനറിഞ്ഞു.

അന്നുഞാൻ വിമ്മിഷ്ഠയായി.

എന്നോടുതന്നെ വെറുപ്പായി

ഏതോ വാശി.

ഏതോ അഹങ്കാരം

എന്നിലുണ്ടോ എന്ന്

എനിക്കു തന്നെ സംശയം.

## ശക്തി

അർഷ.എ.പി
9.D

ഞാനെന്ന മലയെ



മറിച്ചിടാം
അടിച്ചു തകർക്കാം
തുണ്ടുകളാക്കാം
അടിച്ചടിച്ച്
ചെറുതാക്കി
ചെറുതാക്കി
വെള്ളാരംകല്ലുകളാക്കി
മണല്‍ത്തരികളാക്കി
കോടാനുക്കോടി
മണല്‍ത്തരികള്‍ക്കൊപ്പം
ലയിച്ചാലും
തോല്‍ക്കാതെ

വളർന്ന്

വെള്ള◌ാരംകല്ലുകളായി

കരിങ്കല് തുണ്ടുകളായി

വളർന്ന്,വളർന്ന്

ഞാനൊരു മലയാകും

പഴയതിനെക്കാള്

വലിയ മലയാകും

സത്യമാണ് ഞാന്

അതാണെന്റെ ശക്തി

# പ്രകൃതിയെ രക്ഷിക്കാം    ഷാദിന്.പി

9.G

പവിത്രമാം ജലം പരിശുദ്ധം വായു



വിഷവിമുക്തമാം ഫലങ്ങള് ,ധാന്യങ്ങള്
മനുജര്ക്കനിത്യം ലഭിക്കുവാനായി
പ്രകൃതി തന് രക്ഷ കടമയാക്കിടാം
പ്രപഞ്ചശില്പിതന് പ്രതിനിധിയാകുക
പ്രകൃതിയെ ഭക്ത്യാവണങ്ങി നില്ക്കണം
പ്രകാശം തൂകിടും രവിയും ചന്ദ്രനും
ഉഡുക്കള് തിങ്ങിടും തെളിഞ്ഞ വാനവും
പ്രകൃതി ദേവിയെ സുമോഹനമാക്കാന്
പ്രപ നാഥന്റെ വരദാനങ്ങളാം
കളകളനാദം പൊഴിക്കുമാറുകള്
ജലസമൃദ്ധം ആഴിയും വനങ്ങളും
മനുഷ്യജീവിതം സുഖകരമാക്കാന്
പ്രകൃതി നല്കിടും  അമൂല്യസൗഭാഗ്യം

# കണ്ണുനീര്

കണ്ണുനീര് പോലെയെന് വാക്യം
കണ്ണെഴുതാത്തൊരു വാക്യം
കണ്ണുനീര് പോലെയെന് വാക്യമെന്നോ
കണ്ണുചിമ്മിയടച്ച നിമിഷമാകാം
എങ്ങോ മറഞ്ഞൊരു കാലമാകാം
എപ്പോഴോ തട്ടിതെറിച്ചതാകാം
കണ്ടു നിന് വാക്യം,കേട്ടു നിന് വാക്യം
കണ്ടാലറിയാത്ത പാവപോലെ
മനസ്സിനുള്ളില് എപ്പോഴോ വന്ന-
വാക്യമായ് കണ്ണുനീരിന് കടം ബാക്കിയായി
കണ്ണിനുള്ളില് തീയോ തീക്കട്ടയോ
ബാക്കിവെച്ച എന്ന വാക്യമാണോ...

# പൂമ്പാറ്റ

പൂന്തേനുണ്ണും പൂമ്പാറ്റ
പൂവുകള് തോറും പാറിനടക്കും
പൂപോലുള്ള പൂമ്പാറ്റ
മുത്തുകള് പോലെ ഇലകളിലൊക്കെ
മുട്ടയിട്ടുന്നൊരു പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പുള്ളിച്ചിറകുള്ള പൂമ്പാറ്റ
എന്റെ സ്വന്തം പൂമ്പാറ്റേ
എന്നുടെ കൂടെ വന്നാട്ടേ

# മൗനം

ചിറകുനീർത്തുവാനാകാതെ തൊണ്ടയിൽ
പിടയുകയാണെന്റെ രോദനം
ചൊല്ലുവാനുണ്ടേറെ മനസ്സിൽ
ചുണ്ടുകൾ കറുത്ത് കവിത വറ്റിയെങ്കിലും
തീരം തേടും തിരകൾ പോലെ
അലയുകയാണീ ജീവിതം
ചിറകുപൂട്ടി കൂട്ടിലണയുന്ന
കിളികൾ പാടും രോദനം
ജലദത്തിനുള്ളിൽ മായുന്ന പകൽ വെളിച്ചം പോലെ
മായുകയാണെന്റെ രോദനം

ഈ മൗനമെൻ നെഞ്ചിലെ കനലോ-
തീക്കൊള്ളിയോ
കാത്തുനിൽപ്പൂ ജനലരികിൽ ഞാൻ
എൻ മൗനം സ്വരമായ് മാറും ദിനം

അതുല്യ ഗിരീഷ്.കെ

ഫാദിൽ

# പാത്രം അറിഞ്ഞ് ദാനം ചെയ്യണം

ഒരു ഗ്രാമത്തിൽ ഒരു സാഹിത്യകാരനുണ്ടായിരുന്നു.അയാൾ കഥകളെഴുതി പുസ്തകങ്ങളാക്കി പ്രസിദ്ധീകരിച്ചു. പുസ്തകങ്ങൾ
വിറ്റ് അയാളും ഭാര്യയും മക്കളും ഉപജീവനം കഴിച്ചു വന്നു.
തന്റെ സാഹിത്യസൃഷ്ടികൾകൊണ്ട് സമൂഹത്തിന് നേട്ടമുണ്ടാക്കണമെന്ന് അയാൾ ആഗ്രഹിച്ചു. സദാചാരകഥകളും സന്മാർഗകഥകളുമാണ് അയാൾ രചിച്ചത്.
കുട്ടികൾക്ക് നേർവഴി ചൂണ്ടുന്ന കഥകളാണ് അധികവുമെഴുതിയത്.

അയാളുടെ സപ്തതി പ്രമാണിച്ച് എഴുപത് കുട്ടികൾക്ക് ബാലസാഹിത്യകൃതികൾ കൊടുക്കുവാൻ തീരുമാനിച്ചു.വിവരം മുൻകൂട്ടി പത്രക്കാരെ അറിയിച്ചു.

പത്രത്തിൽ വാർത്തകണ്ട് സാഹിത്യകാരന് ജന്മദിനാശംസകൾ നൽകാൻ പല പ്രമുഖരും വീട്ടിലെത്തി. വന്നവരെല്ലാം സാഹിത്യകാരന് ദീർഘായുസ്സും സകല വിധ നന്മകളും നേർന്നു.
സാഹിത്യകാരൻ എഴുപത് കുട്ടികളുടെ വീടുകളിൽ ചെന്നു. അവർക്കു പുസ്തകം നൽകി.
കുട്ടികൾ സന്തോഷത്തോടെ ആ പാരിതോഷികം ഏറ്റുവാങ്ങി.
ഒരു രാഷ്ട്രീയ പ്രവർത്തകന് ഒരു പുസ്തകം സമ്മാനമായി കൊടുത്തു. അയാൾ പുസ്തകം ചുരുട്ടി കക്ഷത്തിൽ വെച്ചുകൊണ്ടുപോയി.
പുസ്തകം ചുരുട്ടി കക്ഷത്തിൽ വയ്ക്കുന്നതു കണ്ടപ്പോൾ സാഹിത്യകാരന് സങ്കടം വന്നു.
പുസ്തകം ചീത്തയാക്കരുതെന്ന് അയാൾ അപേക്ഷിച്ചു.

കുറെ ദിവസം കഴിഞ്ഞപ്പോൾ രാഷ്ട്രീയ പ്രവർത്തകന്റെ വീട്ടിൽ സാഹിത്യകാരൻ ചെന്നു. പുസ്തകം വായിച്ചോ? പുസ്തകത്തെപ്പറ്റിയുള്ള അഭിപ്രായം എന്താണ്? സാഹിത്യകാരൻ ചോദിച്ചു.
എവിടെ വായിക്കാൻ നേരം? രാഷ്ട്രീയപ്രവർത്തകൻ പറഞ്ഞു.
പുസ്തകത്തിന്റെ വില അറിയുന്നവന് വേണം പുസ്തകം സമ്മാനിക്കുവാൻ. പാത്രം അറിഞ്ഞ് ദാനം ചെയ്യണം എന്നാണല്ലോ പഴമൊഴി.

ജിതിൻ (കായിക അധ്യാപകൻ)

# യാത്രികൻ

ഞാനറിയാതെ ചലിക്കുന്ന പാദങ്ങൾ

ദൃശ്യമാം കാലത്തിൽ വീഥികളിൽ

ത്രൂപാന്തരത്തിന്റെ കൂട്ടുമായ് പോകവെ

ഓർക്കുന്നു ഞാനെന്റെ ലക്ഷ്യസ്ഥാനം.

വഴിവക്കിൽ കാണുന്നു ഞാനെന്റെ

പിന്നിട്ട ബാല്യത്തിൻ കളിയരങ്ങും

ഇന്നെന്റെ വേഷം വന്നെത്തിനിൽക്കുന്നു

ജീവിതഭാരത്തിൻ നെടും പുരയിൽ

വിശ്രമിക്കാനൊത്തിരി മോഹമുണ്ടെങ്കിലും

പോകാതെ വയ്യെനിക്കാ തേരിലേറി.....

കാലമാം തേരാളി കാട്ടുന്ന വികൃതികൾ

കാണാനുണ്ടെനിക്കേറെദൂരം

ഒപ്പമുണ്ടാവാം കൂട്ടിന്നായ് ആളുകൾ

താങ്ങായും തണലായും ആശയായും

ജീവൻ പകർന്നും വാത്സല്യമൂട്ടിയും

സ്നേഹിച്ച ലാളിച്ച പോകവെ , നീയെന്നെ

തളരാതെ നയിക്കെന്റെ

ബന്ധത്തിൻ പോരാട്ട , വീഥികളിൽ.

വിടരട്ടെ ഇനിയുമാ നാമ്പുകളിൽ

പൊഴിയുമീ പൂക്കൾക്കും ഇലകൾക്കും പകരമായ്

പ്രാർത്ഥന....പ്രാർത്ഥന....പ്രാർത്ഥനമാത്രം

വീഥിതൻ ആദ്യാന്ത ബിന്ദുവിൽ

തളരാതെ മുൻപോട്ടായ്...എന്നുമീ

പ്രാർത്ഥനമാത്രം.

അർച്ചന.വി

# ഉടമകൾ

എന്റെ തൊടിയിലെ പേരമരത്തിലെ

കായ്കൾ പാതിയും

കിളികൾ തിന്നുതീർക്കുന്നു

അങ്ങിനെ

ദേഷ്യം വന്നാണ്

ഞാനമ്പെയ്തതും

കിളിയെ വീഴ്ത്തിയതും

പിടഞ്ഞൊടുങ്ങും മുമ്പേ

കിളി എന്നെ നോക്കിപറഞ്ഞു.

"നിന്റെ തൊടിയിലെ  എല്ലാ മരങ്ങളും

വിത്തിട്ട് മുളപ്പിച്ചത് ഞാനാണ്""

ഭദ്ര .കെ

# പകലിന്റെ കാണാപ്പുറങ്ങൾ

പകൽ ചുവക്കുന്നു, പാതിരയും

വെളുക്കാത്ത രാത്രിയുടെ

വിളറിയ മുഖം

ഇനി എങ്ങും പടരും

രാത്രിയുടെ മറപറ്റി നിന്നവർ പകലിന്റെ

വിളറിയ ലോകം കീഴടക്കിയിരിക്കുന്നു

രക്തം പടരുന്നു

ശവം മണക്കുന്ന തെരുവുകളിൽ

ചുവന്ന ചായം തേയ്ക്കുന്നു

ചതുപ്പിലാഴ്ന്ന ചിലമ്പിച്ച രോദനം

ഓടിയകലുന്നു

പകലിൽ നഷ്ട്ങ്ങൾ മാത്രമാകുന്നു

രാത്രി കനക്കുന്നു....,

വെളുപ്പ് അപ്രത്യക്ഷമാവുകയാണ്...!



# പരിസ്ഥിതി

# _മലിനീകരണം

അലന്റോ

"ഇനിയും മരിക്കാത്ത ഭൂമി
നിന്നാസന്നമൃതി
യിൽ നിനക്കാത്മശാന്തി"

കവികൾ ദീർഘദർഷികളാണെന്ന് പറയാറുണ്ട്. ആ ദീർഘദർശനത്തിന്റെ പ്രതിഫലനമാണ് ഈ വരികളിൽ വ്യക്തമാക്കുന്നത്. ഭൂമി അനുദിനം മരിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യനും കോടാനുകോടി സസ്യജന്തുജാലങ്ങളുടെ കേന്ദ്രവുമായ പ്രകൃതി അതിന്റെ ഏറ്റവും ശ്രേഷ്ഠരും വിവേകശാലികളുമാണെന്ന് അവകാശപ്പെടുന്ന സൃഷ്ടി കാരണം ഇന്ന് അൽപ്പാൽപ്പമായി നശിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. മനുഷ്യർ പ്രകൃതിയുടെ ഉത്തമസൃഷ്ടിയാണെന്നതിൽ തർക്കമില്ല. എന്നാൽ ആവാസവ്യവസ്ഥകളുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്ന തരത്തിൽ അവൻ തന്റെ പ്രവർത്തനങ്ങൾ തുടരുന്നു.

പ്രകൃതിയുടെ സ്വതസിദ്ധമായ രക്ഷാകവചമാണ് വനം. മഴയും മഞ്ഞും കാറ്റും ചൂടും അതാണ് ഋതുക്കളുടെ തേരിൽ യഥാക്രമം സഞ്ചരിക്കുവാനും ഈ ഹരിതസമ്പത്ത് കൂടിയേ തീരൂ. ആഗോളതാപനത്തിന്റെ പൊള്ളുന്ന ഫലങ്ങൾ അനുഭവിക്കാനൊരുങ്ങുകയാണ് ഭൂമിയിലെ ജീവജാലങ്ങൾ. വനനശീകരണം ഇതിന് ഒരു പ്രധാന കാരണമായി നിലകൊള്ളുന്നു എന്നത് "നിഷേധിക്കാനാവാത്ത വസ്തുതയാണ്. മരണമില്ലാത്തവനായി മരണം വിതയ്ക്കുന്ന ഭീകരൻ" പ്ലാസ്റ്റിക്കിന് ഈ വിശേഷണം നൽകുന്നതാകും ഉത്തമം. കത്തിച്ചു കളഞ്ഞാൽ വായുമലിനീകരണം, മണ്ണിലെറിഞ്ഞാലോ പരിസ്ഥിതി നാശം. പാദസ്പർശം ക്ഷമസ്വമേ എന്ന ക്ഷമാപണത്തോടെയാണ് പണ്ട് നാം ഭൂമിയെ

***സ്പർശിച്ചിരുന്നതു പോലും .ആ വിനയവും ലാളിത്യവും നമ്മുക്ക് തിരികെ കിട്ടേണ്ടതുണ്ട്. ആ സ്വപ്നം പൂവണിക്കുവാൻവേണ്ടി നമ്മുക്ക് കൈകൾ കോർക്കാം.***

# ചില്ലകൾ.....



എന്റെ
ഇടത്തെ ചില്ലയിൽ
രഹസ്യങ്ങളുടെ
ആ കൂടുണ്ട്
ആർക്കും
കല്ലെറിയാനാകാതെ
കവർന്നെടുക്കാനാവാതെ
സുരക്ഷിതമായി
അത്രയും ഉയരത്തിൽ.
രാവേറെ വൈകി
വഴിതെറ്റിയ
നിനക്കുറങ്ങാൻ,
നോവിന്റെ നാരുകളോരോന്നും
പിഴുതെടുത്ത്
ഞാനൊരു പുതപ്പുതന്നപ്പോൾ
കൂട്ടുകൂട്ടാനറിയാത്ത
രാപ്പക്ഷിയാണ്
നീയെന്നോതി
പുലരാൻ നേരം
പറയാതെ നീ പറന്നുപോയി.

## മിന്നാമിനുങ്ങ്


ചെറുജീവിയായ് ഭൂമിയിൽ പിറന്ന
ഒരു കൊച്ചു മിന്നാമിനുങ്ങാണു ഞാൻ
ഭൂമാക്കളു ശൈശവത്തിൽ നന്മയുടെ
നറുങ്ങുവെട്ടമായ് ഞാനമെത്തി
പലതുള്ളി പെരുവെള്ളം കണക്കെ
ഞങ്ങളൊട്ടുപേർ ചേർന്നാ നറുങ്ങുവെട്ടം വെളിച്ചമാക്കി
ബാല്യത്തിൽ ഒരു പന്തയത്തിൽ ജയിച്ചപോൽ
കൊച്ചുറാന്തലിടം പിടിച്ചു.
കൗമാരം ഒരു കള്ളപ്പൂച്ചയെപ്പോൽ കടന്നുവന്നപ്പോൾ
കൊച്ചുറാന്തലിന് വിടചൊല്ലേണ്ടി വന്നു.
പിന്നങ്ങോട്ട് ബൾബുകളുടെ ശരപ്രവാഹമായിരുന്നു
ഭൂമിയുടെ വാർദ്ധക്യത്തിൽ ഞങ്ങൾ
നറുങ്ങുവെട്ടങ്ങൾ പോലും ഇലക്ട്രിക്
ബൾബാകുമോ എന്നറിയില്ല.
ഒന്നുകൂടി
ഓർമ്മിപ്പിക്കട്ടെ
ഞാൻ മിന്നാമിനുങ്ങ്.



## പൂമ്പാറ്റ...

പൂന്തേനുണ്ണും പൂമ്പാറ്റ
പൂവുകൾ തോറും
പാറിനടക്കും
പൂപോലുള്ള പൂമ്പാറ്റ
മുത്തുകൾപോലെ ഇലകളിലൊക്കെ
മുട്ടയിടുന്നൊരു പൂമ്പാറ്റ
പൂന്തേനുണ്ണും പൂമ്പാറ്റ
പുള്ളിച്ചിറകുള്ള പൂമ്പാറ്റ
എന്റെ സ്വന്തം പൂമ്പാറ്റേ
എന്നുടെ കൂടെ വന്നാട്ടേ

# തേൻ തുള്ളികൾ



തെറ്റു കാട്ടാതെ നടക്കണം കുട്ടികൾ

കാലത്തെ കാര്യമായ്ക്കാണണം കുട്ടികൾ

വിദ്യയിൽ തെല്ലും മടി കാണിച്ചീടൊലാ

സത്യം പറവതു ശീലമായ് മാറ്റണം

കാരുണ്യം കാട്ടണം മാനവന്മാരോട്

സ്നേഹം കൊടുത്തിട്ടു വാങ്ങുക സ്നേഹവും

ജാതിമതങ്ങൾക്കതീതമാം നാമെന്ന്

നേരിട്ടു കാണിച്ചുനൽകീടവേണമേ

ബോധം വളർത്തു ശുചിത്വകാര്യത്തിലും

നാട്ടാർക്കു മാതൃകയായി വളരുക.

സേവനം ചെയ്യണംരാജ്യനന്മക്കായ്

മാനവസേവനം കോടിയജ്ഞസമം

**കവിത**

പ്രാർത്ഥന സുരേഷ്

VIII

# മഴ

മഴ,മഴ,മഴ,മഴ......

പ്രകൃതിതൻ വരദാനമാണ് മഴ

ഭൂമിതൻ ദാഹമകറ്റുന്ന മഴ

അരുവികളിലെല്ലാം തെളിനീരൊഴുക്കും മഴ

ജീവന്റെ അമൃതമായ് വർഷിക്കും മഴ

മഴ മണ്ണിൽ വീഴും നേരം

പുഞ്ചിരി തൂകും പൂക്കൾ

പൂമലരുകൾ വിരിയിക്കും മഴ

മഴവില്ല് വിരിയിക്കും മഴ

മഴതൻ കരസ്പർശമേറ്റ് നദിയിലെ

ഓളങ്ങൾ തരളിതമായ്

കാടറിയും മഴ,നാടറിയും മഴ

പ്രകൃതിതൻ സാന്ത്വനമീമഴ

ദൈവത്തിൻ വരദാനമീമഴ

# പിരിയുന്ന സൗഹൃദം



പിരിയുവാൻ നേരമായ് കാറ്റേ നിനക്കിനി

ഈ ഭൂപ്രദേശം വിടചൊല്ലുവാറായ്

സൗഹൃദമെന്നമൂന്നക്ഷരമോതിയ

കിളിയോടുമിലയോടും വിടചൊല്ലുവാറായ്

ഇലകൾ പൊഴിഞ്ഞൂ പലദിക്കിലേക്കായ്

കിളികൾ മറഞ്ഞു ദേശാടനം പോൽ

ഇനിയെന്നു കാണുമീ കാറ്റീ കൂട്ടരെ

കാലം തെളിക്കുന്ന സംഗമമെന്ന്

പൊടിയുന്നു കണ്ണീർ കിളിയുടെ മിഴിയിലായ്

ഉലയുന്ന ഇലകളും ദുഃഖത്തിലാണ്ടു

ഒടുങ്ങാത്ത ദുഃഖവും തോരാത്ത കണ്ണീരും

എന്തിന്നു വിധിനലൽകി ഈ സൗഹൃദത്തിൽ

വീശിയടിച്ച തൻ ദുഃഖം മറക്കാൻ

കഴിയില്ല പിരിയുവാൻ സ്നേഹമേ നിങ്ങളെ......

-അനാമിക ഗിരീഷ്.കെ

XI

**ശേഖരണം**

അപ്സര സി എസ്

VIII

# മഹത് വചനങ്ങൾ

* നാളെ മരിക്കും എന്ന് വിചാരിച്ച് തന്നെ ജീവിക്കുക എക്കാലവും ജീവിക്കും എന്ന് വിശ്വസിച്ച് പഠിക്കുക

-മഹാത്മാഗാന്ധി

*നിറയെ സൗരഭ്യമുള്ള ഒരു പനിനീറ് പൂവിന് തുല്യമാണ് പ്രഭാത്തിലെ മനസ്സ്. അതിന്റെ പുതുമയും സൗരഭ്യവും ആ ദിവസം മുഴവൻ മനസ്സിൽ തങ്ങി നിൽക്കും.

-പഴമൊഴി

*തീവ്രമായി സ്വപ്നം കാണുക.എല്ലാ സ്വപ്നങ്ങളും ആ വലിയ ലക്ഷ്യത്തിന്റെ മുന്നോടിയാണ്.

-രവീന്ദ്ര നാഥ ടാഗോറ്

*ഓരോ ഇന്നും രണ്ട് നാളകളേക്കാൾ അമൂല്യമാണ്

-ബഞ്ചമിൻ ഫ്രാങ്ക്ളിൻ

*സമയം നേടുന്നവറ് എല്ലാം നേടുന്നു

-ബഞ്ചമിൻ ഡിബ്രേലി

*നമ്മൾ ചരിത്രം പഠിക്കുന്നു. എന്നാൽ ചരിത്രത്തിൽ നിന്ന് ഒന്നും പഠിക്കുന്നില്ല

-ബറ്നാഡ്ഷാ

*വിജയിക്കണമെന്ന് നിങ്ങളെടുക്കുന്ന തീരുമാനമാണ് മറ്റുള്ളവരുടെ സഹായത്തെക്കാൾ നല്ലത്

-എബ്രഹാം ലിങ്കൺ

കവിത

നേഹ ഷൈലേഷ്

VIII

# മാതൃസ്നേഹം

മനസ്സിനുള്ളിൽ സ്നേഹം നിറക്കും

എന്റെ ദുഃഖം സ്വന്തമായ് കാണും

അമ്മ എന്ന രണ്ടക്ഷരമാ-

ണെല്ലാം എല്ലാം ഈ ലോകത്ത്.

അമ്മതൻ ചുണ്ടിൽ നിന്ന് കൊഴിയുന്ന നറു-

മുത്തമെൻ കവിളത്ത് വീഴുന്ന നേരത്ത്

പൂവിൽ നിന്ന് ഇതളുകൾ വീഴുന്ന പോലെ എൻ-

മനസ്സിൽ പതിക്കുന്നു ഈ മുത്തം

താരാട്ടുപാടി എന്നെ ഉറക്കി അമ്മ-

താമരക്കൺകളാൽ നോക്കി നിൽക്കെ

തൻ ഉറക്കംപോലും മാറ്റിവെച്ചമ്മ എൻ-

നിഴലായ് കൂടെയിരിപ്പൂ

അമ്മതൻ സ്നേഹം ഒന്നുതട്ടിയില്ലെങ്കിൽ

ഈ ലോകത്ത് ബാക്കി ഞാനില്ല

അമ്മയില്ലെങ്കിൽ എന്തിനു ഞാൻ വെരുതെ ഈ-

ലോകത്തിരിപ്പൂ.

# അമ്മയുടെ സ്നേഹം

ആദ്യം നണഞ്ഞതെൻ അമ്മതന്നമ്മിഞ്ഞപ്പാൽ
സ്നേഹത്തിൻ സാഗരമാണെന്നമ്മ
ലാളിത്യത്തിൻ നിറകുടമാണെന്നമ്മ
ദുഃഖത്തിൻ വേളയിലും സുഖത്തിൻ വേളയിലും
കൂട്ടിന്നുവന്നതെന്നമ്മ
ഞാൻ ജനിച്ചുവീഴും നേരം
വേദന അടക്കിപ്പിടിച്ചെന്നെ നോക്കി
ചിരിച്ച എൻ അമ്മേ...
നീയാണെൻ ദൈവം.
അമ്മ തൻ മുലപ്പാലും അമ്മ തൻ ലാളനയും
മറക്കില്ല ഞാൻ
എന്നെന്ന എൻ കൂടെ നിൽക്കും
എൻ അമ്മ.........

അർഷ.എ.പി

# ഭ്രാന്ത്

അവന് ഭ്രാന്താണത്രേ!
എന്താണ് ഭ്രാന്ത്?
ഭാവങ്ങൾ ഇല്ലാത്തതോ?
വാക്കിൽ ക്രൂരതയില്ലാത്തതോ?
നോക്കിൽ ആർത്തിയില്ലാത്തതോ?
ചിന്തയിൽ ഞാനെന്ന ഭാവമില്ലാത്തതോ?
ഒന്നും തനിക്കായ് കരുതാത്തതോ?
ആരുടെയും വാക്കിനാൽ മുറിപ്പെടാത്തതോ?
എല്ലാം അറിയുമ്പോൾ ഒന്നും മിണ്ടാത്തതോ?
ആർക്കും മനസ്സലാകാത്തതിനാൽ,
തന്നോടുതന്നെ സംഭവിക്കുന്നതോ?
ഭ്രാന്തായിരുന്നെങ്കിൽ...
എനിക്കു ഭ്രാന്തായിരുന്നെങ്കിൽ...